<u>**15 -ാം കേരള നിയമസഭ**</u>

<u>**16 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 664**</u> <u>**28-01-2026 - ൽ മറുപടിയ്ക്ക്**</u>

<u>**മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥൻ**</u>

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എം. വിൻസെന്റ്</td><td colspan="2">ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>തിരുവനന്തപുരം മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ എം. സി. കിഷോർ എന്ന ഉദ്യോഗസ്ഥൻ ഏതെല്ലാം ജില്ലാ ഓഫീസുകളിൽ ജോലി ചെയ്തിട്ടുണ്ട്; അവിടങ്ങളിൽ ജോലി ചെയ്ത വർഷം വ്യക്തമാക്കുമോ;</td><td>(എ)</td><td>ശ്രീ.എം. സി. കിഷോർ ജോലിചെയ്തിട്ടുള്ള ജില്ലാ ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><td>തസ്തിക</td><td>ജോലി ചെയ്ത ഓഫീസ്</td><td>കാലയളവ്</td></tr>
<tr><td>അസിസ്റ്റന്റ് ജിയോളജിസ്റ്റ്</td><td>ജില്ലാ ഓഫീസ് പത്തനംതിട്ട</td><td>15.07.2002 - 29.03.2007</td></tr>
<tr><td>ജിയോളജിസ്റ്റ്</td><td>ജില്ലാ ഓഫീസ് പാലക്കാട്</td><td>24.04.2012 - 24.09.2016</td></tr>
<tr><td>സീനിയർ ജിയോളജിസ്റ്റ്</td><td>ജില്ലാ ഓഫീസ് പാലക്കാട്</td><td>09.05.2019 - 04.08.2019</td></tr>
<tr><td>സീനിയർ ജിയോളജിസ്റ്റ്</td><td>ജില്ലാ ഓഫീസ് തൃശ്ശൂർ</td><td>05.08.2019 - 17.11.2021</td></tr>
</table></td></tr>
<tr><td>(ബി)</td><td>മേൽ പറഞ്ഞ ഉദ്യോഗസ്ഥനെതിരെ ഏതൊക്കെ ജില്ലകളിലായി എത്ര വിജിലൻസ് കേസുകൾ ഉണ്ട്; നിലവിൽ ജോലി ചെയ്യുന്ന തസ്തിക അറിയിക്കാമോ;</td><td>(ബി)</td><td>മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ എം. സി. കിഷോർ എന്ന ഉദ്യോഗസ്ഥനെ തിരെ വിജിലൻസ് കേസുകൾ ഒന്നും നിലവിലില്ല. നിലവിൽ ഈ ഉദ്യോഗസ്ഥൻ അഡീഷണൽ ഡയറക്ടർ തസ്തികയിലാണ് ജോലി ചെയ്യുന്നത്.</td></tr>
<tr><td>(സി)</td><td>പ്രസ്തുത ഉദ്യോഗസ്ഥന് ഏറ്റവും ഒടുവിൽ പ്രൊമോഷൻ കൊടുത്ത തീയതി അറിയിക്കാമോ; ഇത്രയും കേസ്സുകൾ ഉണ്ടായിട്ടും പ്രൊമോഷൻ കൊടുക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ?</td><td>(സി)</td><td>ശ്രീ. എം. സി. കിഷോറിന് 04.10.2024 ൽ അഡീഷണൽ ഡയറക്ടറായി പ്രമോഷൻ നൽകിയിട്ടുണ്ട്. പ്രമോഷൻ നൽകുന്ന സമയത്തും ടിയാനെതിരെ വിജിലൻസ് കേസുകൾ ഒന്നും ഉണ്ടായിരുന്നില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ